"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവര സാങ്കേതിക വകുപ്പ് - സി -ഡിറ്റ് - ജീവനക്കാര്യം - ഡയറക്ടർ തസ്തികയിൽ നിയമിതനായിരിക്കുന്ന ശ്രീ.ജയരാജ്. ജി യുടെ നിയമന വ്യവസ്ഥകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**വിവര സാങ്കേതിക (സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.20/2023/ITD തീയതി,തിരുവനന്തപുരം, 03-06-2023

പരാമർശം:-
1. 22.01.2020 ലെ സ.ഉ(സാധാ) നം. 7/2020/വി.സാ.വ
2. 24.03.2020 ലെ സ.ഉ(സാധാ) നം.46/2020/വി.സാ.വ
3. 08/07/2022 -ലെ സ.ഉ(കൈ) നം.23/2022/വിസവ
4. സി -ഡിറ്റ് രജിസ്ട്രാറുടെ 20.09.2022 -ലെ 57/എ1/ഭരണം/2022/സി-ഡിറ്റ് നമ്പർ കത്ത്

**ഉത്തരവ്**

സി-ഡിറ്റിൽ നിന്നും 28.02.2019 ൽ രജിസ്ട്രാർ തസ്തികയിൽ വിരമിച്ച ശ്രീ. ജയരാജ്.ജി യ്ക്ക് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സി-ഡിറ്റ് ഡയറക്ടർ തസ്തികയിൽ പുനർനിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകിയിരുന്നു. തുടർന്ന് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം പ്രസ്തുത നിയമനം റദ്ദു ചെയ്തു ഉത്തരവായിരുന്നു.

2) തുടർന്ന് പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം സി-ഡിറ്റ് ഡയറക്ടർ തസ്തികയിൽ, നിയമനകാലയളവ് വ്യക്തമാക്കാതെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണെന്ന വ്യവസ്ഥയിൽ ശ്രീ.ജയരാജ്. ജി യെ നിയമിച്ചു ഉത്തരവായിരുന്നു. അതിനെ തുടർന്ന് പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരമുള്ള നിയമനത്തിനും മേൽ പറഞ്ഞ പുനർനിയമന വ്യവസ്ഥകൾ പ്രകാരം ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ച് കാലാവധിയും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കണമെന്ന് പരാമർശം നാല് പ്രകാരം സി-ഡിറ്റ് രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി-ഡിറ്റിൽ നിന്നും രജിസ്ട്രാർ തസ്തികയിൽ വിരമിച്ച ശ്രീ. ജയരാജ്.ജി യ്ക്ക് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഡയറക്ടർ തസ്തികയിൽ പുനർനിയമന വ്യവസ്ഥ പ്രകാരമാണ് നിയമനം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലും പരാമർശം നാലിലെ സി -ഡിറ്റ് രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും പരാമർശം മൂന്ന് പ്രകാരം ശ്രീ. ജയരാജ്.ജി യ്ക്ക് സി-ഡിറ്റ് ഡയറക്ടർ തസ്തികയിൽ നൽകിയ നിയമനം ടി ഉത്തരവ് തീയതിമുതൽ ഒരു വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ സേവന- വേതന വ്യവസ്ഥകൾ ക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ശ്രീ.ജയരാജ്. ജി യ്ക്ക് കേരള സർവ്വീസ് റൂൾസ്, ഭാഗം II, ചട്ടം 100 ന് വിധേയമായി ചുവടെ പറയുന്ന പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

- പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കും. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കുവാൻ പാടില്ല.
- വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA എന്നിവ ലഭിക്കുന്നതാണ്.
- മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത ലഭിക്കുന്നതാണ്.
- പെൻഷനു ക്ഷാമാശ്വാസം ലഭിക്കുന്നതാണ്.
- വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന് അർഹതതയുണ്ടായിരിക്കില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ARUN R B**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
ശ്രീ.ജയരാജ്.ജി, ടി.സി 42/366/1, പറമ്പിൽ ജംഗ്ഷൻ, ശ്രീവരാഹം, വള്ളക്കടവ്
പി.ഒ,തിരുവനന്തപുരം - 695 008. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh G S
Date: 03-06-2023 14:47:44

സെക്ഷൻ ഓഫീസർ